## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4675 19.05.2017-ലെ മറുപടിക്ക്

## മലപ്പുറം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കുന്നത്; | (എ) | മലപ്പുറം മണ്ഡലത്തിൽ പാലമുറ്റത്ത് പട്ടികജാതിക്കോളനിയിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | നാളിതുവരെ ഓരോ ഗ്രാമത്തിലും നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ; | (ബി) | പാലമുറ്റത്ത് പട്ടികജാതിക്കോളനിയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിനുള്ള കർമ്മപരിപാടി ആവിഷ്കരിച്ച് സമർപ്പിക്കുന്നമുറയ്ക്ക് തുക അനുവദിച്ച് നൽകുന്നതാണ്. |
| (സി) | പദ്ധതി പ്രകാരം ഈ വർഷം പുതിയ ഗ്രാമങ്ങൾ ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | ഒരു നിയോജകമണ്ഡലത്തിൽ നിന്നു 2 പട്ടികജാതിക്കോളനികളെ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് ബന്ധപ്പെട്ട എം.എൽ.എ-യ്ക്ക് ശുപാർശ ചെയ്യാവുന്നതാണ്. എന്നാൽ മലപ്പുറം മണ്ഡലത്തിൽ 2016-17 വർഷത്തേയ്ക്ക് ഒരു കോളനി മാത്രമേ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളൂ. മുൻവർഷങ്ങളിലെ spill over പണികൾ ബാക്കിയുള്ളതിനാൽ 2017-18 വർഷത്തേയ്ക്ക് ഈ പദ്ധതിയിൽ കോളനികൾ എടുക്കണമോ എന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ